മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നെയ്യാർ ഡാം റൈറ്റ്ബാങ്ക് ചാനലിന്റെ ആദ്യത്തെ പത്തു മൈൽ ദൂരത്തിൽ 7 മുതൽ 70 അടിവരെ താഴ്ചയുണ്ട്.

(ബി) ചാനലിന്റെ പത്താമത്തെ മൈലിൽ 500-ാമത്തെ ചെയിനിലാണ് ഏറ്റവും കൂടിയ താഴ്ച. അവിടെ താഴ്ച 70 അടിയാണ്. പക്ഷേ രണ്ടാമത്തെ മൈലിൽ മല തുരന്നു ചാനൽ നിർമ്മിച്ചിട്ടുള്ള ഭാഗത്തു 89 അടിവരെ താഴ്ചയുണ്ട്.

(സി) എട്ടു മുതൽ 12 അടിവരെ താഴ്ചയുണ്ട്.

(ഡി) ചാനലിനു വളരെ ഏറെ താഴ്ചയുള്ള ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുവാൻ ആലോചനയുണ്ട്.

അതിർത്തി പുനർവ്വിഭജനം.

* 1073. [27] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതിർത്തി പുനർവിഭജിക്കണമെന്നു കാണിച്ചു വല്ല അപേക്ഷകളും ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകളിൽനിന്നും, എത്ര മുനിസിപ്പാലിറ്റികളിൽ നിന്നും അപ്രകാരം ഹർജ്ജികൾ ലഭിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതിർത്തി പുനർവിഭജിക്കണമെന്നു കാണിച്ചു് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) 6 മുനിസിപ്പാലിറ്റികളിൽനിന്നും 18 പഞ്ചായത്തുകളിൽനിന്നും.

റോഡുകൾ.

* 1074. [28] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു് എത്രയിനം റോഡുകളുണ്ടു്;

(ബി) ഗവണ്മെന്റ് ഏറ്റെടുത്തിട്ടുള്ള ഓരോ ഇനം റോഡുകൾക്കും ആണ്ടുതോറും മൈൽ ഒന്നിനു മെയിന്റനൻസിനു അനുവദിച്ചിട്ടുള്ള തുക എന്തു;

(സി) ഓരോ സബ്ഡിവിഷനിലുമുള്ള എല്ലാ റോഡുകളും ആണ്ടുതോറും മെയിന്റനൻസ് നടത്താറുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം;

(ഇ) തിരുവല്ലാ സബ്ഡിവിഷനിൽപ്പെട്ട തോട്ടഭാഗം—മല്ലപ്പള്ളി റോഡ് മെയിന്റനൻസ് നടത്തിയിട്ടു് എത്ര വർഷമായി?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നാല്. അതായതു്:—

1. നാഷണൽ ഹൈവേ
2. പ്രൊവിൻഷ്യൽ ഹൈവേ
3. ഡിസ്ട്രിക്റ്റ് റോഡ്
4. വില്ലേജ് റോഡ്

(ബി)

1. നാഷണൽ ഹൈവെ 700 മുതൽ 800 ക. വരെ
2. പ്രൊവിൻഷ്യൽ ഹൈവെ 700 മുതൽ 2000 ക. വരെ
3. ഡിസ്ട്രിക്റ്റ് റോഡു് 300 മുതൽ 2000 ക. വരെ
4. വില്ലേജ് റോഡു് 300 ക.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പതിവനുസരിച്ചു് കഴിഞ്ഞ വർഷവും മെയിൻറനൻസ് നടത്തി, ഇക്കൊല്ലവും നടത്തുന്നുണ്ടു്.

ടാൻസ്പോർട്ട് ഗ്യാരേജ്.

* 1075. [29] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ ടാൻസ്പോർട്ട ഗാരേജുകൾ പണിയുന്നതിനുവേണ്ടി എന്തു തുകയാണു നീക്കി വച്ചിട്ടുള്ളതെന്നു പറയുമോ; നീക്കിവച്ചിട്ടുള്ള തുകയിൽ ഇതിനകം എന്തു ചെലവാക്കി;

(ബി) ഏതു സ്ഥലത്താണു് ടാൻസ്പോർട്ട് ഗ്യാരേജു് പണിയാനുദ്ദേശിക്കുന്നതെന്നു പറയുമോ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഗ്യാരേജു് വെയിറ്റിംഗ് ഷെഡ്ഡു തുടങ്ങിയുള്ള കെട്ടിടങ്ങൾ പണിയുന്നതിനും ഇപ്പോഴുള്ളവ നന്നാക്കുന്നതിനുമായി, നാലുലക്ഷത്തി അൻപത്തൊൻപതിനായിരത്തി എഴുനൂറു രൂപ (4,59,700) ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടു്. ഇതിൽനിന്നും 1955 ആഗസ്റ്റു് 31 വരെ രൂ. 24,320-10-2 ചെലവായിട്ടുണ്ടു്.

(ബി) സെൻട്രൽവക്കു്സു് പാലക്കാടു്, നാഗർകോവിൽ, കൊല്ലം, പുനലൂർ, പാറശ്ശാല, എറണാകുളം, ആലപ്പുഴ ഇതിനും പുറമെ 22 വെയിറ്റിംഗ് ഷെഡ്ഡുകളും കൂടി വിവിധസ്ഥലങ്ങളിൽ കെട്ടുന്നതിനും മറവത്തില ബസ്സ്റ്റേഷനുകളോടും വെയിറ്റിംഗ് ഷെഡ്ഡുകളോടും അനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly